(സി) ആർബിട്രേഷൻ നിർത്തലാക്കണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നോ ;

(ഡി) ആർബിട്രേഷൻ നിർത്തലാക്കാൻ ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നോ ;

(ഇ) ഓർഡിനൻസ് നിയമമാക്കാൻ നടപടി സ്വീകരിച്ചോ ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) സ്വീകരിച്ചു.

(എഫ്) ഉദിക്കുന്നില്ല.

ജലവൈദ്യുത പദ്ധതികളുടെ ടെയിൽ റെയിസ് വാട്ടർ

58 (2336) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. കെ. ബാബു :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഏതെല്ലാം ജലവൈദ്യുത പദ്ധതികളുടെ ടെയിൽ റെയിസ് വാട്ടർ ജലസേചനത്തിനോ കുടിവെള്ളത്തിനോ വേണ്ടി ഉപയോഗിക്കുന്നുണ്ട് ;

(ബി) അതിനുവേണ്ടി നിർമ്മിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ;

(സി) ബാക്കി ജലവൈദ്യുത പദ്ധതികളുടെ ടെയിൽ റെയിസ് വാട്ടർ പ്രയോജനപ്രദമായി ചൂഷണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തു ?

ഉത്തരം

(എ) താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികളുടെ ടെയിൽ റെയിസ് വാട്ടർ ജലസേചനത്തിനോ കുടിവെള്ളത്തിനോ വേണ്ടി ഉപയോഗിക്കുന്നുണ്ട്.

1. ശബരിഗിരി/കക്കാട്
2. പള്ളിവാസൽ
3. ഇടുക്കി

LIBRARY ARCHIVES Kerala Legislative Assembly

4. ഇടമലയാർ
5. ലോവർ പെരിയാർ/നേര്യമംഗലം
6. കുറ്റ്യാടി
7. കല്ലട
8. മലമ്പുഴ
9. പേപ്പാറ

(ബി) ജലസേചന പദ്ധതികൾ

1. പമ്പാവാലി ഇറിഗേഷൻ പ്രോജക്ട്
2. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്
3. ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്
4. പെരിയാർ ഇറിഗേഷൻ പ്രോജക്ട്
5. കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട്
6. കല്ലട ഇറിഗേഷൻ പ്രോജക്ട്
7. മലമ്പുഴ ഇറിഗേഷൻ പ്രോജക്ട്

കുടിവെള്ള വിതരണ പദ്ധതികൾ

1. ശബരിഗിരി ജലവൈദ്യുതി പദ്ധതിയിലെ വെള്ളം ഉപയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ പ്രവർത്തിക്കുന്നു.
    1. ശബരിഗിരി ആന്റ് പമ്പകുടി കുടിവെള്ള പദ്ധതി
    2. അരയാണലിമൺ കുടിവെള്ള പദ്ധതി
    3. കുറുമ്പൻമൂഴി കുടിവെള്ള പദ്ധതി
    4. കുടമുരുതി കുടിവെള്ള പദ്ധതി
    5. വെച്ചുച്ചിറ ഗ്രാമീണ കുടിവെള്ള പദ്ധതി
    6. പെരിനാട് ഗ്രാമീണ കുടിവെള്ള പദ്ധതി
2. കക്കാട് ജലവൈദ്യുത പദ്ധതിയിലെ ജലം ഉപയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നു.

    ചിറ്റാർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി, ശബരിഗിരി, കക്കാട് എന്നീ പദ്ധതികളിൽ നിന്നും കിട്ടുന്ന ജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന പദ്ധതികൾ :

    1. വടശ്ശേരിക്കര ഗ്രാമീണ ശുദ്ധജല പദ്ധതി
    2. തോട്ടമൺ ഗ്രാമീണ ശുദ്ധജല പദ്ധതി
    3. അങ്ങാടി ഗ്രാമീണ ശുദ്ധജല പദ്ധതി
    4. അടിച്ചിപ്പുഴ ഗ്രാമീണ ശുദ്ധജല പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

5. കോലഞ്ചേരി ഗ്രാമീണ ശുദ്ധജല പദ്ധതി
6. മല്ലപ്പുഴശ്ശേരി ഗ്രാമീണ ശുദ്ധജല പദ്ധതി
7. ആറന്മുള ഗ്രാമീണ ശുദ്ധജല പദ്ധതി
8. ചെറുകോൺ നാരങ്ങാനം സമഗ്ര ശുദ്ധജലവിതരണ പദ്ധതി
9. റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര സമഗ്ര ശുദ്ധജലവിതരണ പദ്ധതി (ഇതിന്റെ പണി ആരംഭിച്ചിട്ടില്ല.)

3. പള്ളിവാസൽ, ഇടുക്കി, ഇടമലയാർ എന്നീ ജലവൈദ്യുത പദ്ധതികളുടെ ടെയിൽ റെയിസ് വാട്ടർ മാത്രം ഉപയോഗിച്ച് കുടിവെള്ള പദ്ധതികളൊന്നും നടപ്പാക്കുന്നില്ലെങ്കിലും ഈ വെള്ളം തുറന്നു വിടുന്ന മൂവാറ്റുപുഴയിലെ ജലം ഉപയോഗിച്ച് അനവധി കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

4. പേപ്പാറ ഡാമിലെ പവർ ഹൗസിലെ ടെയിൽറെയിസ് വാട്ടർ തിരുവനന്തപുരം കുടിവെള്ള വിതരണ പദ്ധതിക്ക് ഉപയോഗിക്കുന്നുണ്ട്.

(സി&ഡി) ഉണ്ട്. കോഴിക്കോടിനും സമീപ പഞ്ചായത്തുകൾക്കുള്ള ജെ.ബി.ഐ.സി. പദ്ധതിക്ക് സ്രോതസ്സായി കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയിസ് വാട്ടർ മാത്രം (പെരുവണ്ണാമൂഴി ഡാമിലുള്ളത്.) പ്രയോജനപ്പെടുത്താൻ ഉദ്ദേശമുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.

കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ

59 (2337) ശ്രീമതി രാധാരാഘവൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എ.സി. എ. ചന്ദ്രശേഖരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടലാക്രമണ സാധ്യതയുള്ള സ്ഥലങ്ങളേവ ;

(ബി) ഈ മൺസൂൺ കാലത്ത് ഇതുവരെ എവിടെയെല്ലാം കടലാക്രമണം ഉണ്ടായി ;

(സി) ഇതിന്റെ ഫലമായി എന്തൊക്കെ നാശനഷ്ടങ്ങൾ ഉണ്ടായി ;

(ഡി) ഇപ്പോൾ എവിടെയെല്ലാം കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ നടന്നുവരുന്നു ?

ഉത്തരം

(എ) സംസ്ഥാനത്ത് ശക്തമായ കടലാക്രമണമുള്ള മേഖലകൾ താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly